**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 518** **09-08-2023 - ൽ മറുപടിയ്ക്ക്**

**ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാർ വിവിധ ബജറ്റുകളിലായി പ്രഖ്യാപിച്ച 20 ശതമാനം ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിലെ കാലതാമസം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | സംസ്ഥാന ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ധനവകുപ്പ് പ്രതിനിധി കൂടി ഉൾപ്പെടുന്ന ഭരണാനുമതി കമ്മിറ്റിയുടെ അനുമതിയോടെ ഭരണവകുപ്പ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭരണാനുമതി കമ്മിറ്റിയുടെ അംഗീകാരത്തിന് വരാത്ത പ്രവൃത്തികൾ ധനവകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി പുറപ്പെടുവിക്കുന്നു. ആയതിനാൽ സംസ്ഥാന ബഡ്ജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുള്ളതും DPR തയ്യാറാക്കി സർക്കാരിന്റെ പരിഗണനയിൽ സമർപ്പിക്കുന്നതുമായ പ്രൊപ്പോസലുകൾക്ക് താമസം കൂടാതെ തന്നെ ഭരണാനുമതി നൽകി വരുന്നു. സർക്കാരിന്റെ പരിഗണനയിൽ നിലവിലുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് എത്രയും വേഗം ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രവൃത്തികളുടെ ഡി.പി.ആർ.(ഡീറ്റെയ്ൽഡ് പ്രോജക്റ്റ് റിപ്പോർട്ട്) തയ്യാറാക്കി സർക്കാരിന്റെ ഭരണാനുമതിയ്ക്കായി നൽകിയിട്ടുള്ള എത്ര കേസുകൾ പരിഗണനയിലുണ്ടെന്ന് അറിയിക്കുമോ; അവയുടെ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കുമോ? | (ബി) | സംസ്ഥാന ബജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ ലഭിച്ചിട്ടുള്ള പ്രവൃത്തികൾക്ക് ധനവകുപ്പ് പ്രതിനിധി കൂടി ഉൾപ്പെടുന്ന ഭരണാനുമതി കമ്മിറ്റിയുടെ അനുമതിയോടെ ഭരണവകുപ്പ് ഭരണാനുമതി ഉത്തരവ് പുറപ്പെടുവിക്കുന്നു. ഭരണാനുമതി കമ്മിറ്റിയുടെ അംഗീകാരത്തിന് വരാത്ത പ്രവൃത്തികൾ ധനവകുപ്പിന്റെ അനുമതിയോടെ ഭരണാനുമതി പുറപ്പെടുവിക്കുന്നു. ആയതിനാൽ സംസ്ഥാന ബഡ്ജറ്റിൽ 20% ടോക്കൺ പ്രൊവിഷൻ വകയിരുത്തിയിട്ടുള്ളതും DPR തയ്യാറാക്കി സർക്കാരിന്റെ പരിഗണനയിൽ സമർപ്പിക്കുന്നതുമായ പ്രൊപ്പോസലുകൾക്ക് താമസം കൂടാതെ തന്നെ ഭരണാനുമതി നൽകി വരുന്നു. സർക്കാരിന്റെ പരിഗണനയിൽ നിലവിലുള്ള പ്രൊപ്പോസലുകൾ പരിശോധിച്ച് എത്രയും വേഗം ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ